കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

ആറാം സമ്മേളനം

2003 ആഗസ്റ്റ് 1, വെള്ളി

വാല്യം CXIX] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 32

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭ 2003 ആഗസ്റ്റ് മാസം 1-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ,..... ഓർഡർ..... ചോദ്യം 789-ഉം 795-ഉം ക്ലബ്ബ് ചെയ്ത് എടുക്കാം.

കായിക മേളകൾ

*1 [789] ശ്രീ. പി. കെ. കെ. ബാവ:
„ ഇസ്ഹാക്ക് കുരിക്കൾ:
„ പി. കെ. അബ്ദുറബ്ബ്:
„ വി. കെ. ഇബ്രാഹിംകുഞ്ഞ്:
„ ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾതല കായിക മേളകൾക്ക് പുറമേ സംസ്ഥാന ജില്ലാ തലങ്ങളിൽ സ്പോർട്സ് വകുപ്പ് വിദ്യാർത്ഥികൾക്കായി കായികമേളകൾ നടത്താറുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇപ്രകാരം കണ്ടെത്തുന്ന കായിക പ്രതിഭകൾക്ക് സ്പോർട്സ് വകുപ്പ് എന്തൊക്കെ പ്രോൽസാഹന പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്;

(സി) സ്കൂൾ കോളേജ് തലത്തിലെ പ്രതിഭകളെ പ്രോത്സാഹിപ്പിക്കാൻ പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

വനവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ): സർ,

(എ) ഉണ്ട്.

(ബി) ജില്ലകളിൽ സബ്ജൂനിയർ, ജൂനിയർ വിഭാഗങ്ങളിലും സംസ്ഥാന തലത്തിൽ സബ്ജൂനിയർ, ജൂനിയർ, യൂത്ത് വിഭാഗങ്ങളിലും മത്സരങ്ങൾ സംഘടിപ്പിക്കുകയും വിവിധ സിലബസിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വേണ്ടി മിനിഗെയിംസ് എന്നിവ നടത്തിവരുന്നു. ഈ മത്സരങ്ങളിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ ലഭിക്കുന്ന കളിക്കാർക്ക് ക്യാഷ് അവാർഡ് നൽകുകയും മികവ് തെളിയിക്കുന്ന കായിക പ്രതിഭകൾക്ക് കേരളാ സ്പോർട്സ് കൗൺസിൽ നടത്തുന്ന സ്പോർട്സ് ഹോസ്റ്റലുകളിൽ പ്രവേശനത്തിന് മുൻഗണന നൽകുകയും ചെയ്യുന്നു.

(സി) സ്കൂൾ, കോളേജ് തലത്തിലെ പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേരളാ സ്പോർട്സ് കൗൺസിലും വിദ്യാഭ്യാസ വകുപ്പും ചില പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

കായിക നേട്ടങ്ങളുണ്ടാക്കുന്ന വിദ്യാർത്ഥികൾക്ക് മികച്ച പരിശീലനം നൽകാൻ നടപടി

*2 [795] ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി:
,, ഇസ്ഹാക്ക് കുരിക്കൾ:
,, സി. മോയിൻകുട്ടി:
,, വി. കെ. ഇബ്രാഹിംകുഞ്ഞ്:
,, ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ തലത്തിൽ കായികനേട്ടങ്ങളുണ്ടാക്കുന്ന വിദ്യാർത്ഥികൾക്ക് മികച്ച പരിശീലനം നൽകാൻ സംസ്ഥാനത്ത് എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ബി) സ്പോർട്സ് സ്കൂളുകളിൽ ചേർന്നിട്ടില്ലാത്ത ഭാവി വാഗ്ദാനങ്ങളായ താരങ്ങളെ കണ്ടെത്താൻ കായിക വകുപ്പിനുള്ള സംവിധാനമെന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തിന് പുറത്തോ, അന്തർദേശീയ നിലവാരമുള്ള കായിക പ്രതിഭകൾക്കൊപ്പമോ വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കുന്നതിന് പദ്ധതികളുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അക്കാര്യം വിശദമാക്കാമോ?

വനവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ): സർ,

(എ) സ്കൂൾതലത്തിൽ കായികനേട്ടങ്ങൾ ഉണ്ടാക്കുന്ന വിദ്യാർത്ഥികൾക്ക് മികച്ച പരിശീലനം നൽകാൻ കേരളാ സ്പോർട്സ് കൗൺസിൽ കേന്ദ്രീകൃത സ്പോർട്സ് ഹോസ്റ്റലുകളും സ്കൂൾ സ്പോർട്സ് ഹോസ്റ്റലുകളും നടത്തുന്നു. ഈ സ്ഥാപനങ്ങളിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് വിദഗ്ദ്ധ പരിശീലനത്തിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly